# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6707** — **21-03-2023 - ൽ മറുപടിയ്ക്ക്**

## മലപ്പുറം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിവ വീതം ഫണ്ട് അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി മൂന്ന് കോടി / ഒരു കോടി അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിലവിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. പൂക്കോട്ടൂർ, എം.എസ്.പി. എച്ച്.എസ്.എസ്. മലപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എം.യു.പി.എസ്.ഒഴുക്കൂർ സ്കൂളിന് കവറേജ് പ്രശ്നം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിഹരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>ജി.ബി.എച്ച്.എസ്.മലപ്പുറം സ്കൂളിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.<br><br>ജി.വി.എച്ച്.എസ്.എസ്.അരിമ്പ്ര സ്കൂളിന് നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലം വെറ്റ് ലാൻഡ് (wet land) ആണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിർമ്മാണം സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>ജി.എച്ച്.എസ്.ഇരുമ്പുഴി സ്കൂളിന് കിഫ്ബിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റ് (PED)ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിക്കാൻ കഴിയും. |

| | | | |
|---|---|---|---|
| | | | ജി.വി.എച്ച്.എസ്.എസ്.പുല്ലാന്നൂർ സ്കൂളിന് കിഫ്ബിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>**<u>1 കോടി കിഫ്ബി പദ്ധതി</u>**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജി.എം.യു.പി.എസ്.അരിമ്പ്ര - ഡിപിആർ (DPR കിഫ്ബി അംഗീകരിച്ചെങ്കിലും KMBR violation ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>പന്തല്ലൂർ ജി.യുപി.എസ്, ഇരുമ്പുഴി ജി.എം.യു.പി.എസ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എം.യു.പി.എസ്.മേൽമുറി സ്കൂളിന് നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.<br><br>ജി.എം.യു.പി.എസ്. ചെമ്മൻകടവ് സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. അതിന് പകരം ജി.യു.പി.എസ് മുതിരംപറമ്പ് സ്കൂളിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിപിആർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ? | (ബി) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി മൂന്ന് കോടി / ഒരു കോടി അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിലവിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>3 കോടി കിഫ്ബി പദ്ധതി</u>**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. പൂക്കോട്ടൂർ, എം.എസ്.പി. എച്ച്.എസ്.എസ്. മലപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എം.യു.പി.എസ്.ഒഴുക്കൂർ സ്കൂളിന് കവറേജ് പ്രശ്നം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിഹരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>ജി.ബി.എച്ച്.എസ്.മലപ്പുറം സ്കൂളിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം |

ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

ജി.വി.എച്ച്.എസ്.എസ്.അരിമ്പ്ര സ്കൂളിന് നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലം വെറ്റ് ലാൻഡ് (wet land) ആണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിർമ്മാണം സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.

ജി.എച്ച്.എസ്.ഇരുമ്പുഴി സ്കൂളിന് കിഫ്ബിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്കുമെന്റ് (PED)ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിക്കാൻ കഴിയും.

ജി.വി.എച്ച്.എസ്.എസ്.പുല്ലാനൂർ സ്കൂളിന് കിഫ്ബിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്കുമെന്റ് (PED) അംഗീ കാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**<u>1 കോടി കിഫ്ബി പദ്ധതി</u>**

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജി.എം.യു.പി.എസ്.അരിമ്പ്ര - ഡിപിആർ (DPR കിഫ്ബി അംഗീകരിച്ചെങ്കിലും KMBR violation ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.

പന്തല്ലൂർ ജി.യുപി.എസ്, ഇരുമ്പുഴി ജി.എം.യു.പി.എസ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എം.യു.പി.എസ്.മേൽമുറി സ്കൂളിന് നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

ജി.എം.യു.പി.എസ്. ചെമ്മൻകടവ് സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. അതിന് പകരം ജി.യു.പി.എസ് മുതിരംപറമ്പ് സ്കൂളിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിപിആർ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ